LIBRARY ARCHIVES Kerala Legislative Assembly

വയനാട് ജില്ലാ രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം

226(496) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ജില്ലാ രജിസ്ട്രാർ ഓഫീസിന് സ്വന്തമായി കെട്ടിടമില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) വയനാട് ജില്ലാ രജിസ്ട്രാർ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ബി&സി) ഉണ്ട്. വയനാട് ജില്ലാ രജിസ്ട്രാർ ഓഫീസിനും അമാൽഗമേറ്റഡ് സബ് രജിസ്ട്രർ ഓഫീസിനും ഒരുമിച്ച് കെട്ടിടം പണിയുന്നതിനായി കൽപ്പറ്റ വില്ലേജിൽ ബ്ലോക്ക് 18 ൽ റീസർവേ നമ്പർ 416/35 ൽ പെട്ട 10 സെന്റ് ഭൂമി സൗജന്യമായി നൽകാമെന്ന് ശ്രീ. മംഗലത്ത് ഹരിദാസ്, പുത്തൂർവയൽ എന്നയാൾ സമ്മതപത്രം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി സബ് രജിസ്ട്രാർ ഓഫീസ്

227(497) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണ പ്രവൃത്തി സത്വരം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ തൽസ്ഥിതി വിശദമാക്കാമോ ?

(എ&ബി) പരപ്പനങ്ങാടി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണ പ്രവൃത്തിക്കുവേണ്ടി കരാർവച്ചെങ്കിലും ഫൗണ്ടേഷനിൽ മാറ്റങ്ങൾ വന്നതിനാൽ കരാറുകാരൻ പ്രവൃത്തിയിൽനിന്ന് ഒഴിവാകുകയും ക്ലോഷർ എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിരിക്കുകയാണ്. കിഫ്ബിയിൽനിന്നും അനുമതി കിട്ടിയാലുടൻതന്നെ ടി പ്രവൃത്തി റീ-അറേഞ്ച് ചെയ്യുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും സാധിക്കുന്നതാണ്.